## അനുബന്ധം എച്ച് 4

## അറിയിപ്പ്

ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിലെ ജൂനിയർ അക്കൗണ്ടന്റ് (ഇപ്പോൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന) ശ്രീ.കെ.ഷാജഹാനെ അറിയിക്കുന്നതെന്തെന്നാൽ, താങ്കൾക്കെതിരെ വ്യക്തമായ കുറ്റങ്ങൾ ഉൾപ്പെടുത്തി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കു കീഴിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരമുള്ള ശിക്ഷണ നടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ വാദപ്രതിവാദ പത്രിക സമർപ്പിക്കുവാനുള്ള നിർദ്ദേശത്തോടുകൂടി ട്രഷറി ഡയറക്ടറുടെ 02/09/2021-ലെ TRY/2756/ 2021-Vig1 നമ്പർ പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും താങ്കളുടെ ലഭ്യമായ അഡ്രസ്സിൽ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി ഓഫീസർ മുഖാന്തിരം രജിസ്റ്റേർഡ് തപാലിൽ അയച്ചെങ്കിലും ആയത് 'left station' എന്ന കുറിപ്പോടുകൂടി തപാലധികാരികൾ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി ഓഫീസർക്ക് തിരികെ ലഭ്യമാക്കിയിരിക്കുന്നു. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 **ദിവസത്തിനകം** താങ്കളുടെ വാദപ്രതിവാദ പത്രിക സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വാദപ്രതി വാദപത്രിക ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു വിശദീകരണവും സമർപ്പിക്കുവാനില്ലെന്ന അനുമാനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കൾ കൈപ്പറ്റാതെ മടങ്ങി വന്ന കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതിനായി ഏത് അഡ്രസ്സിലേക്കാണ് അയക്കേണ്ടതെന്ന് കാണിച്ച് ഓഫീസ് പ്രവർത്തന സമയത്ത് ട്രഷറി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

എ.എം.ജാഫർ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്
ശ്രീ.കെ.ഷാജഹാൻ
**ജൂനിയർ അക്കൗണ്ടന്റ്** (ഇപ്പോൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന)
**ജില്ലാ ട്രഷറി ചെർപ്പുളശ്ശേരി.**

" ഭരണഭാഷ - മാതൃഭാഷ "

No. TRY/2756/2021-VIG 1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി : 02/09/2021

## കുറ്റാരോപണ മെമ്മോ

ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിലെ ജൂനിയർ അക്കൗണ്ടന്റാ യിരുന്ന ശ്രീ.കെ.ഷാജഹാനെതിരെയുള്ള (ഇപ്പോൾ അനധികൃത മായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന) കുറ്റാരോപണ മെമ്മോ.

I) ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിലെ ജൂനിയർ അക്കൗണ്ടന്റായ ശ്രീ.കെ.ഷാജഹാൻ (ഇപ്പോൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന) എന്ന താങ്കൾ താഴെ പറയുന്ന കുറ്റങ്ങൾ ചെയ്തിരിക്കുന്നു.

i) താങ്കൾ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിൽ ജൂനിയർ അക്കൗണ്ടന്റായി സേവനമനുഷ്ഠിക്കെ കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A പ്രകാരം വിദേശത്ത് ജോലി ചെയ്യുന്നതിനായി 02/01/2001 മുതൽ 20 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയുണ്ടായി. എന്നാൽ, ശൂന്യാവേതനാവധി കാലയളവ് പൂർത്തിയായ 01/01/2021-ന് ശേഷവും താങ്കൾ ജോലിയിൽ പ്രവേശിക്കാതെ നിരുത്തരവാദപരമായി ഓഫീസിൽ നിന്ന് വിട്ട് നിൽക്കുകയാണ്.

ii) താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും ചട്ടവിരുദ്ധവും ഉത്തരവാദിത്തരാഹിത്യവുമാണ്.

II) താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്കു കീഴിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരമുള്ള ശിക്ഷണ നടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അതു ബോധിപ്പി-ക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് വാദപ്രതി വാദപത്രിക നൽകുന്നതിനായി ഈ മെമ്മോ ലഭിച്ച തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദേശിച്ച സമയത്തി - നുള്ളിൽ താങ്കളുടെ പത്രിക ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്നോ എന്നുകൂടി അറിയിക്കുവാൻ ആവശ്യപ്പെടുന്നു. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത റിക്കോർഡുകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുന്നെങ്കിൽ താങ്കളുടെ അപേക്ഷയിന്മേൽ മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും ദിവസം പ്രതിവാദത്തിനുള്ള താങ്കളുടെ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിക്കു മുൻപുള്ള ഏതെങ്കിലും ദിവസം ട്രഷറി ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ അവയിൽ നിന്നും ഉദ്ധാരണങ്ങൾ എഴുതിയെടുക്കാവുന്നതുമാണ്.

III) മേൽ പറഞ്ഞ ചാർജ്ജുകൾ അടിസ്ഥാനമാക്കിയിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

എ.എം.ജാഫർ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

ശ്രീ. കെ.ഷാജഹാൻ
ജൂനിയർ അക്കൗണ്ടന്റ് (ഇപ്പോൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന)
ജില്ലാ ട്രഷറി ചെർപ്പുളശ്ശേരി
(ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി ഓഫീസർ മുഖാന്തിരം)

പകർപ്പ് : ജില്ലാ ട്രഷറി ഓഫീസർ, ചെർപ്പുളശ്ശേരി
(മൂന്ന് പകർപ്പുകൾ - താങ്കൾ ഒരു പകർപ്പ് ശ്രീ.കെ.ഷാജഹാന് നൽകേണ്ടതും മറ്റൊരു പകർപ്പ് ടി ജീവനക്കാരന്റെ തീയതിവച്ചുള്ള കൈപ്പറ്റ് ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതുമാണ്.)
സ്റ്റോക്ക് ഫയൽ / സ്പെയർ

No. TRY/2756/2021-VIG 1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി : 02/09/2021

## കുറ്റാരോപണ പത്രിക

ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിൽ ജൂനിയർ അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.ഷാജഹാൻ എന്ന താങ്കൾ, കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A പ്രകാരം വിദേശത്ത് ജോലി ചെയ്യുന്നതിനായി 02/01/2001 മുതൽ 20 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയുണ്ടായി. എന്നാൽ, ശൂന്യാവേതനാവധി കാലയളവ് പൂർത്തിയായ 01/01/2021-ന് ശേഷവും താങ്കൾ ജോലിയിൽ പ്രവേശിക്കാതെ നിരുത്തരവാദപരമായി ഓഫീസിൽ നിന്ന് വിട്ട് നിൽക്കുകയാണ്.

താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും ചട്ടവിരുദ്ധവും ഉത്തരവാദിത്തരാഹിത്യവുമാണ്.

ആയതിനാൽ ഈ കുറ്റാരോപണ മെമ്മോ താങ്കൾക്ക് നൽകുന്നു.

ഇത് സംബന്ധിച്ച സാക്ഷികളിൽ ചിലരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ജില്ലാ ട്രഷറി ഓഫീസർ ചെർപ്പുളശ്ശേരി.
2) അസിസ്റ്റന്റ് ജില്ലാ ട്രഷറി ഓഫീസർ ചെർപ്പുളശ്ശേരി

എ.എം.ജാഫർ
ട്രഷറി ഡയറക്ടർ